
# ബൈബിൾ ചിത്രകഥ

# യാക്കോബ്



# ബൈബിൾ ചിത്രകഥ-3

# യാക്കോബ്

രചന : മൈക്കിൾ കാരിമറ്റം
ചിത്രീകരണം : ദേവസി * ബെന്നി

# യാക്കോബ്

അബ്രാഹത്തിൻറെ മകനായ ഇസഹാക്കിനു രണ്ടു മക്കളുണ്ടായി. അവർ ഇരട്ടകളായിരുന്നു. ആദ്യം ജനിച്ചവന് ഏസാവ് എന്നും രണ്ടാമത്തെവനു യാക്കോബ് എന്നും പേരിട്ടു. ഏസാവ് ശക്തനായിരുന്നു; യാക്കോബോ ദുർബലനും. ശക്തന്മാരെയല്ല ദുർബലരെയും പാവപ്പെട്ടവരെയുമാണ് ദൈവം കൂടുതലായി സ്നേഹിക്കുന്നത്. അവരെയാണ് തന്റെ രക്ഷാകരപദ്ധതിക്ക് ഉപകരണങ്ങളായി തിരഞ്ഞെടുക്കുന്നത് എന്ന് വ്യക്തമാക്കുന്നതാണ് യാക്കോബിൻറെ കഥ.

യാക്കോബിന്റെ ജീവിതത്തിൽ രണ്ടു സംഭവങ്ങൾ അതീവ പ്രാധാന്യമർഹിക്കുന്നു. (1) ബെഥേലിലെ ദർശനം (2) യാബോക്ക് നദീ തീരത്തെ മല്പ്പിടുത്തം. സഹോദരനെ ഭയന്ന് ഒളിച്ചോടിയ യാക്കോബിന് ബെഥേലിൽ വച്ച് ദൈവം പ്രത്യക്ഷപ്പെട്ടു. അവനു സംരക്ഷണം വാഗ്ദാനം ചെയ്തു. യാക്കോബിന്റെ ജീവിതത്തിലെ സകല വിജയങ്ങൾക്കും കാരണം ദൈവത്തിന്റെ അനുഗ്രഹം ഒന്ന് മാത്രമാണെന്ന് വ്യക്തമാക്കുന്നതാണ് ഈ സംഭവം. തന്റേതായ എന്തെങ്കിലും മഹത്വം കൊണ്ടല്ല ദൈവം തിരഞ്ഞെടുത്തതും സംരക്ഷിച്ചതും എന്ന് യാക്കോബിന് അറിയാമായിരുന്നു.

എന്നാലും അവൻ ഭീരുവായിരുന്നു. ഒളിച്ചോട്ടമായിരുന്നു അവൻറെ ബലം. കൗശലമായിരുന്നു അവൻറെ ആയുധം. ജീവിത **യാഥാർത്ഥ്യങ്ങളിൽനിന്ന്** ഒളിച്ചോടിയിരുന്ന അവന് ഒന്നിനെയും നേരിടാൻ ധൈര്യമില്ലായിരുന്നു. എപ്പോഴും ഭയം, എല്ലാവരെയും ഭയം. തന്റെ ഉള്ളിൽ ഉറഞ്ഞുകൂടിയ ഈ ഭയം അവനെ നിരന്തരം വേട്ടയാടിക്കൊണ്ടിരുന്നു. യാബോക്ക് തീരത്തെ മല്പ്പിടുത്തം വഴിയാണ് അവൻ ഈ ഭയത്തിൽനിന്നു മോചനം നേടിയത്. ഒളിച്ചോട്ടത്തിലൂടെയല്ല നേരിടുന്നതിലൂടെയാണ് ശക്തിയാർജ്ജിക്കുക എന്ന് അവിടെ വച്ച് യാക്കോബ് പഠിച്ചു.

ബാഹ്യ ശത്രുക്കളെ ജയിക്കുക എന്നതിനേക്കാൾ പ്രാധാന്യമുള്ളതാണ് തന്നെത്തന്നെ ജയിക്കുക എന്നത്. സ്വന്തം ഭയത്തിൽനിന്നും അപകർഷബോധത്തിൽനിന്നും മോചനം നേടിയാൽ മാത്രമേ വിജയം കരസ്ഥമാക്കാൻ സാധിക്കൂ. ദൈവം നൽകുന്ന ശക്തി ഉപയോഗിച്ച്, അവിടത്തെ സംരക്ഷണത്തിൽ ആശ്രയിച്ചു ധീരതയോടെ, സ്ഥിരോത്സാഹത്തോടെ അധ്വാനിക്കുന്നവർക്കേ ജീവിത വിജയം ലഭിക്കൂ.

ദൈവമാണ് അവനെ ശക്തിപ്പെടുത്തിയത്. ദൈവവുമായുള്ള കണ്ടുമുട്ടലിലൂടെയാണ് ബലഹീനൻ ബലം നേടുന്നത്. ഏസാവും

ലാബാനും ശക്തരായിരുന്നു. കായേനെപ്പോലെ ശക്തന്മാർ. യാക്കോബ് ആബേലിനേപ്പോലെ ദുർബലനും. എന്നാൽ, ബലവാന്മാരായ രണ്ടെതിരാളികളെയും യാക്കോബ് ജയിച്ചു. കാരണം ദൈവം അവൻറെ കൂടെയുണ്ടായിരുന്നു.

ഉൽപത്തി 25 - 35 അധ്യായങ്ങളാണ് കഥയുടെ ആധാരം. ഈ അധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന അനേകം സംഭവങ്ങളിൽ നിന്നു രക്ഷാചരിത്രത്തെ സംബന്ധിച്ചിടത്തോളം പ്രാധാന്യമർഹിക്കുന്ന ചിലത് തിരഞ്ഞെടുത്താണ് ഈ കഥ രചിച്ചിരിക്കുന്നത്.

യേശുക്രിസ്തുവിലൂടെ വെളിപ്പെടുത്തപ്പെട്ട ധാർമ്മികതയുടെ വെളിച്ചത്തിൽ നോക്കുമ്പോൾ നമുക്ക് സ്വീകാര്യമല്ലാത്ത പലതും യാക്കോബിൻറെ കഥയിൽ കാണും. നുണ പറഞ്ഞ് അപ്പനെയും സഹോദരനെയും വഞ്ചിക്കുന്നതും പല സ്ത്രീകളെ ഭാര്യമാരായി സ്വീകരിക്കുന്നതും ഒന്നും അനുകരിക്കാനാവുന്നവയല്ല. 3800 കൊല്ലം മുമ്പുനടന്ന സംഭവങ്ങളാണിത്. അന്നത്തെ മനുഷ്യൻറെ ചിന്താഗതിയാണ് ഈ കഥകളിൽ പ്രതിഫലിക്കുന്നത്. മനുഷ്യന്റേതായ എല്ലാ ചാപല്യങ്ങളും വീഴ്ച്ചകളും ബൈബിൾ രേഖപ്പെടുത്തുന്നുണ്ട്. ബലഹീനരും പാപികളുമായ മനുഷ്യരുടെ ചരിത്രത്തിലൂടെയാണ് ദൈവം പ്രവർത്തിക്കുന്നത്.


നാലു ദിവസമായി ഓടുന്നു. ഇനി എനിക്കു വയ്യ!


ഇല്ല, ഇനിയും ഓടിയേ മതി യാവു! അതാ അവൻറെ കാലൊച്ചയല്ലേ ആ കേൾക്കുന്നത്..?


അല്ല, ഞാൻ കേൾക്കുന്നത് കാലൊച്ചയോ അതോ, എൻറെ തന്നെ ഹൃദയമിടിപ്പോ?



പാദാൻ അരാമിൽ പോയി ജീവിക്കാനാണ് 'അമ്മ പറഞ്ഞത്. ഇനിയും എത്ര നാഴിക ദൂരമുണ്ട്? ആരുണ്ട് ഈ മരുഭൂമിയിൽ എനിക്കു വഴി കാട്ടാൻ?


ഇനി ഒരടി മുന്നോട്ടു വയ്ക്കാൻ എനിക്കാവില്ല. കീറിമുറിഞ്ഞ ഈ പാദങ്ങൾ അല്പമൊന്നാശ്വസിക്കട്ടെ.


ഇങ്ങനെ പേടിച്ചോടാൻ ഞാനെന്തു തെറ്റു ചെയ്തു? അവനു കരുത്തുണ്ടെന്നു കരുതി എന്തും ആകാമെന്നോ?


കഴിഞ്ഞ കാലത്തെ സംഭവങ്ങൾ ഒന്നൊന്നായി യാക്കോബിൻറെ മനസ്സിലൂടെ കടന്നു പോയി.
ജ്യേഷ്ഠൻ ഏസാവ്, അവൻ എന്നും എനിക്കൊരു പേടിസ്വപ്നമായിരുന്നു .


നായാടി നടന്നിട്ടും ആർക്കെന്തുപകാരം! തിന്നണമെങ്കിൽ ഞാൻ പണിതുണ്ടാക്കണം
!!


ഞാൻ പാകം ചെയ്ത ഭക്ഷണം! അതെ, അവിടെയാണല്ലോ എല്ലാറ്റിൻറെയും തുടക്കം.

യാക്കോബ് അമ്മ റബേക്കായുടെ സഹായത്തോടെ പായസമുണ്ടാക്കുന്നു.




അല്ലാ, ജ്യേഷ്ഠനാണല്ലോ ആ വരുന്നത്. വേട്ടയ്ക്കു പോയിട്ട് വെറും കയ്യോടെയാണല്ലോ വരവ്!


എന്തേ, ഇന്നും ഒന്നും കിട്ടിയില്ലേ?
!
കാട്ടുമൃഗങ്ങളും സൂത്രം പഠിച്ചുപോയി. എൻറെ കാലൊച്ച കേൾക്കുമ്പോഴേക്കും എല്ലാം ഓടിക്കളയും.


പിന്നെന്താ ചേട്ടൻറെ അമ്പുകൊള്ളാനായി അങ്ങു നിന്നു തരണമെന്നോ?



വേണ്ട. ഞാൻ ഒരു വിദ്യ കണ്ടുപിടിച്ചിട്ടുണ്ട്. നാളെ എൻറെ കെണിയിൽ ഒരു കലമാനായിരിക്കും കുടുങ്ങുന്നത്.
അത് നാളത്തെ കാര്യം. ഇപ്പോഴെനിക്കു വിശന്നിട്ടു വയ്യ. എന്താ ആ കലത്തിൽ?
അപ്പോൾ നാളെ നല്ലൊരു സദ്യയുണ്ടാകുമല്ലോ.


പായസം
ഒരു പാത്രത്തിൽ അല്പമിങ്ങു പകർന്നു തരു.


ചേട്ടനാണെന്നു കരുതി അങ്ങനെ ചോദിക്കുമ്പോ ളെല്ലാം വിളമ്പി തരാൻ ബുദ്ധിമുട്ടുണ്ട്.


പകരം നിനക്ക് എന്താ വേണ്ടതെന്നു പറയൂ.
എന്തു ചോദിച്ചാലും തരുമോ?
നിനക്കെന്താ ഞാൻ ഒരു കാട്ടുപോത്തിനെ കൊണ്ടുവന്നു തരണമോ?


എനിക്കു പോത്തും കാളയും ഒന്നും വേണ്ട.
പിന്നെ എന്താന്നു പറഞ്ഞു തുലയ്ക്ക്. എനിക്കു വിശന്നു ജീവൻ പോകുന്നു.
!


വയറു നിറയെ പായസം തരാം. പകരം കടിഞ്ഞൂല വകാശം എനിക്ക് തരണം.
ഹാ ....ഹ....ഹാ... അത്രയേ ഉള്ളോ? വിശന്നു ചാകുന്ന വനു ചേട്ടസ്ഥാനം കൊണ്ടെന്തു കാര്യം?


അങ്ങനെ വെറുതെയങ്ങു പറഞ്ഞാൽ പോരാ. ശപഥം ചെയ്തു പറയണം.
ശപഥമോ സത്യമോ, എന്ത് വേണമെങ്കിലും ചെയ്യാം.
പിതാക്കന്മാരായ അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും ദൈവമാണേ, എൻറെ കടിഞ്ഞൂലവകാശം ഞാൻ യാക്കോബിനു നൽകുന്നു.






ഹായ്, നല്ല രുചി. നിൻറെ പായസം കൊള്ളാം. കുറച്ചുകൂടി ഇങ്ങു വിളമ്പ്.


ഒരുപാത്രം
പായസത്തിനുവേണ്ടി
കടിഞ്ഞൂലവകാശം
വിറ്റത് എൻറെ
തെറ്റാണോ? അവ
കാശത്തിനു
വിലകല്പിക്കാ
ത്തവന് അതു
കിട്ടിയിട്ടെന്തു
കാര്യം?


അവകാശം വിറ്റു തിന്നിട്ടും അനുഗ്രഹം വേണമെന്നായിരുന്നു ആഗ്രഹം. കടിഞ്ഞൂൽ സ്ഥാനം എനിക്കു കിട്ടിയ സ്ഥിതിക്ക് പിതാവിൻറെ അനുഗ്രഹവും എനിക്കല്ലേ കിട്ടേണ്ടത്!


അന്നൊരു ദിവസം ഇസഹാക്ക് എസാവിനോട്
എടാ ഏസാവൂ എൻ്റെ കാലം കഴിയാറായി മരിക്കുന്നതിന് മുമ്പേ ഒരാഗ്രഹം കൂടിയുണ്ട്
എന്തു വേണമെങ്കിലും പറഞ്ഞുകൊള്ളൂ. ഈ മകൻ കൊണ്ടുവന്നു തരും.
ഇളം കലമാനിൻ്റെ ഇറച്ചി കനലിൽ ചുട്ടെടുത്തതിൻ്റെ രുചി! ഹാവൂ


അത്രയേ ഉള്ളോ? ഇന്ന് സന്ധ്യക്ക്മുമ്പേ ഞാൻ കൊണ്ടുവന്നി രിക്കും.


ഭക്ഷണം കഴിച്ചിട്ടു ഞാൻ നിന്നെ അനുഗ്രഹിക്കാം
ഇതാ ഞാൻ വന്നു കഴിഞ്ഞു.
?



അപ്പോൾ അതാണല്ലേ ഉള്ളിലിരുപ്പ്! അപ്പൻറെ അനുഗ്രഹം കിട്ടേണ്ടത് യാക്കോബിനാണ്. ഉടനെ എന്തെങ്കിലും ചെയ്തേ മതിയാകൂ.


മകനേ വേഗം ഒരു മുട്ടാടിനെ കൊണ്ടുവരൂ.
എന്തിനാണമ്മേ?



വേഗമാകട്ടെ. നിൻറെ ജ്യേഷ്ഠൻ ഇങ്ങെത്തുന്നതിനു മുമ്പ് ഇത് പാചകം ചെയ്തു അപ്പന് കൊടുക്കണം.
അപ്പൻ എന്നെ തിരിച്ചറിയുമോ?
അതിനു മാർഗ്ഗമുണ്ട്.


റബേക്ക ആടിൻറെ തോൽ കൊണ്ട് യാക്കോബിൻറെ കയ്യും കഴുത്തും പൊതിഞ്ഞു.
എനിക്ക് പേടിയാകുന്നു. അനുഗ്രഹത്തിനു പോയിട്ട് ശാപമാണ് കിട്ടുന്നതെങ്കിലോ?
ആ ശാപം ഞാൻ ഏറ്റുകൊള്ളാം. ഇപ്പോൾ ഭയപ്പെടാതെ ചെല്ലൂ. അധികം സംസാരിക്കരുത്.


ദൈവമേ, അപ്പൻ എന്നെ തിരിച്ചറിയരുതേ


അപ്പാ
!?
ആരാ അത്?
ഇങ്ങടുത്തു വാ.
എൻറെ കണ്ണു
പിടിക്കുന്നില്ല!


അങ്ങയുടെ
മൂത്ത
മകൻ



!!
സ്വരം കേട്ടിട്ട് യാക്കോബിൻറെ തുപോലിരിക്കുന്നു . എന്നാൽ ശരീരം ഏസാവിൻറെതു പോലെയും


ഭക്ഷിച്ചു തൃപ്തനായപ്പോൾ ഇസഹാക്ക് യാക്കോബിനെ ആലിംഗനം ചെയ്തു.
അബ്രാഹത്തിൻറെ ദൈവം നിന്നെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. രാജ്യങ്ങൾ നിൻറെ മുമ്പിൽ തല കുനിക്കട്ടെ. നിൻറെ സഹോദരങ്ങൾ നിനക്ക് സേവനം ചെയ്യട്ടെ.
!

ഏസാവ് കലമാൻ കിടാവിനെ തേടുകയാണ്.





അപ്പൻ നോക്കിയിരുന്നു മടുത്തു കാണും. എന്നാലും മാനിനെ കിട്ടിയല്ലോ!


അപ്പാ എണീറ്റ് ഭക്ഷിച്ചാലും.
അപ്പൻ എന്താണീ പറയുന്നത്? അങ്ങയുടെ മൂത്ത മകൻ ഏസാവു ആണ് ഞാൻ.
ഞാൻ ഇപ്പോഴല്ലേ വയറു നിറയെ മാനിറച്ചി തിന്ന് നിന്നെ അനുഗ്രഹിച്ചത്?
ങേ....!


ദൈവമേ, ചതിച്ചോ. അവൻറെ സ്വരം കേട്ടപ്പോഴേ എനിക്ക് തോന്നിയതാ.
എന്നെയും അനുഗ്രഹിക്കരുതോ?


അനുഗ്രഹം ആവർത്തിക്കാനാവില്ല മകനേ!


യാക്കോബ്.
"കാലുവാരി"
എന്ന അവൻറെ
പേര് അവനു
ചേരും. പക്ഷേ
ഇതിനു പകരം
വീട്ടിയേ
ഞാനടങ്ങു!



അമ്മ
സഹായിച്ചില്ലായിരു
ന്നെങ്കിൽ അവൻ
എൻറെ കഥ
കഴിക്കുമായിരുന്നു.
ഇനി എന്നാണു
ഞാൻ അമ്മയെ
കാണുക!
ഹോ, അമ്മേ!


കയ്പേറിയ ഓർമ്മകൾ അയവിറക്കി തളർന്ന യാക്കോബ് ഉറങ്ങി. അപ്പോൾ അവന് ഒരു സ്വപ്നമുണ്ടായി.
യാക്കോബേ നീ ഭയപ്പെടേണ്ട. നിൻറെ പിതാവായ അബ്രാഹത്തിൻറെയും ഇസഹാക്കിൻറെയും ദൈവമാണ് ഞാൻ.

നീ കിടക്കുന്ന ഈ മണ്ണ്
നിനക്കും നിൻറെ സന്തതി
പരമ്പരകൾക്കും ഞാൻ
തരും. നിൻറെ വഴിയിൽ
ഞാൻ നിന്നെ കാത്തുരക്ഷിക്കും.
നിന്നെ ഈ നാട്ടിലേക്കു
തിരികെ കൊണ്ടുവരുകയും
ചെയ്യും.


# യാക്കോബ് ഉറക്കത്തിൽ നിന്നുണർന്നു.




കർത്താവ് എന്നെ സംരക്ഷിച്ച് എൻറെ പിതാവിൻറെ വീട്ടിൽ തിരിച്ചെത്തിച്ചാൽ കർത്താവ് മാത്രമായിരിക്കും എൻറെ ദൈവം.



ഈ പ്രതിജ്ഞയ്ക്കുശേഷം യാക്കോബ് യാത്ര തുടർന്നു.
കർത്താവ് എൻറെ കൂടെയുള്ളതിനാൽ ഞാൻ ആരെയും ഭയപ്പെടുകയില്ല.


യാക്കോബ് പാദാൻ അരാമിൽ എത്തിച്ചേർന്നു.
നിങ്ങൾ നാഹോറിൻറെ മകൻ ലാബാനെ അറിയുമോ? എൻറെ അമ്മാവനാണ്.
ഇവിടെനിന്നു ഒരു നാഴിക ദൂരമേയുള്ളൂ അയാളുടെ വീട്ടിലേക്ക്.
അതാ, ലാബാൻറെ മകൾ റാഹേലല്ലേ ആ വരുന്നത്.
!


റാഹേലിൻറെ ആടുകൾക്ക് യാക്കോബ് വെള്ളം കോരിക്കൊടുത്തു
!


റാഹേൽ വീട്ടിലേക്ക് ഓടി
അപ്പാ, കാനാനിൽ നിന്ന് അമ്മായിയുടെ മകൻ വന്നിരിക്കുന്നു.
എന്നിട്ട് എവിടെ? നീ അവനെ വിളിക്കാതെ പോന്നുകളഞ്ഞോ?


വരൂ മകനേ,
വീട്ടിലേക്കു വരൂ!
!!


പറയൂ, എന്തുണ്ട് വിശേഷങ്ങൾ? എൻറെ പെങ്ങൾ റബേക്കായ്ക്കു സുഖമോ?
മുപ്പതു ദിവസമായി ഞാൻ വീട്ടിൽനിന്നു പോന്നിട്ട്.


യാക്കോബ് തൻറെ കഥ മുഴുവൻ അവരെ പറഞ്ഞു കേൾപ്പിച്ചു.
സാരമില്ല മകനേ, കഴിഞ്ഞതെല്ലാം മറക്കൂ. ഇവിടെ ഒരു പുതിയ ജീവിതം തുടങ്ങാം.
!

ലാബാൻറെ ആടുകളെ മേയിച്ചു യാക്കോബ് ഒരു മാസം ചിലവഴിച്ചു. സുന്ദരിയായ റാഹേലിനെ അവൻ സ്നേഹിച്ചു.




യാക്കോബേ, ഇവിടത്തെ വാസം നിന ക്കിഷ്ടമായോ?
ജീവിതത്തിൽ ആദ്യമായിട്ടാ ണ് ഞാൻ സ്നേഹം അനുഭവിക്കു ന്നത്.


നിൻറെ ജോലി എനിക്കിഷ്ടമായി. മരുമകനാണെന്നുവച്ചു വെറുതെ ജോലി ചെയ്യിക്കുന്നത് ശരിയല്ലല്ലോ. എന്ത് ശമ്പളം വേണമെന്ന് പറഞ്ഞോളൂ.
എനിക്ക് ശമ്പളമൊന്നും വേണ്ട.
അതു പറ്റില്ല.


മടിക്കാതെ പറയൂ
!!
റാഹേലിനെ എനിക്കു ഭാര്യയായി തരാമെങ്കിൽ ഞാൻ ഏഴുകൊല്ലം ജോലി ചെയ്തുകൊള്ളാം.


അങ്ങനെ തന്നെ. അവളെ മറ്റാർക്കെങ്കിലും കൊടുക്കുന്നതിലും നല്ലത് നിനക്കു തന്നെ തരുന്നതാണ്.
!

വർഷങ്ങൾ കടന്നുപോയി. യാക്കോബിൻറെ അധ്വാനം വഴി ലാബാൻ ധനികനായി.





ജ്യേഷ്ഠനെയും
അപ്പനെയും
കബളിപ്പിച്ചവനല്ലേ.
ഇവനെ ഞാൻ ഒന്ന്
പറ്റിക്കും.


വിവാഹ വിരുന്ന്.
ഇവനെ ശരിക്കും കുടിപ്പിക്കണം
കുടിക്കൂ, ഇന്ന് നിൻറെ ദിവസമാണ്.

അവർ യാക്കോബിനെ അവൻ്റെ കൂടാരത്തിലേക്കു നയിച്ചു.




യാക്കോബേ, ഇതാ നിൻറെ ഭാര്യ.
!


മദ്യത്തിൻറെ ലഹരിയും, കുടാരത്തിനുള്ളിലെ ഇരുട്ടും കാരണം
യാക്കോബ് സ്ത്രീയെ തിരിച്ചറിഞ്ഞില്ല.
പിറ്റേന്ന് പ്രഭാതത്തിൽ...
?
!


അങ്ങെന്താണീ ചെയ്തത്? റാഹേലിനു വേണ്ടിയാണു ഞാൻ ഏഴു വർഷം അടിമയെപ്പോലെ അധ്വാനിച്ചത്
!?
ചേടത്തിയെ നിർത്തിയിട്ട് അനുജത്തിയെ കെട്ടിച്ചു വിടുക ഈ നാട്ടിൽ പതിവില്ല.


അത് നേരത്തേ പറയേണ്ടിയിരുന്നു. ഇങ്ങനെ കബളിപ്പിക്കുകയല്ല വേണ്ടത്.
?
നീ വെറുതെ ചൂടാകാതെ - റാഹേലിനെയും നിനക്കുതന്നെ തന്നേക്കാം. ഏഴുവർഷം കൂടി എനിക്കുവേണ്ടി ജോലി ചെയ്താൽ മതി.


ഒരാഴ്ചക്ക് ശേഷം
!!
റാഹേലിനെയും നിനക്ക് ഭാര്യയായി സ്വീകരിക്കാം - ജോലി ചെയ്തു തീർത്താൽ മതി.

കാലം കടന്നുപോയി. യാക്കോബിനു പതിനൊന്നു പുത്രന്മാരും ഒരു പുത്രിയും ജനിച്ചു. അന്നൊരിക്കൽ:





എൻറെ പിതാക്കന്മാർക്ക് ദൈവം വാഗ്ദാനം ചെയ്ത ഭൂമിയിലേക്ക് തിരിച്ചു പോയേ മതിയാകൂ!
കുറച്ചു നാൾ കൂടി കഴിയട്ടെ. എന്തു വേണമെങ്കിലും തരാം.



അങ്ങയുടെ ആട്ടിൻകൂട്ടത്തിൽ പൊട്ടോ, പുള്ളിയോ ഉള്ളവയെയും ചെമ്മരിയാടുകളിൽ കറുത്തവയെയും മാത്രം എനിക്ക് തരുക. ബാക്കിയുള്ളതെല്ലാം അങ്ങയുടേതായിരിക്കും.
അങ്ങനെ തന്നെ.


ഇവൻ പറഞ്ഞതുപോലെ പൊട്ടും പുള്ളിയും ഉള്ളതിനെ എല്ലാം കൊടുത്താൽ എനിക്ക് നഷ്ടമാകും.


പൊട്ടും പുള്ളിയും ഉള്ള ആടിനെയെല്ലാം തിരഞ്ഞുപിടിച്ചു ലാബാൻ തൻറെ ആൺമക്കളെ ഏല്പിച്ചു.
അയാൾ എന്നെ വീണ്ടും ചതിച്ചു. എനിക്ക് കിട്ടേണ്ട ആടുകളെയെല്ലാം രാത്രിക്കു സ്ഥലം മാറ്റിയിരിക്കുന്നു.


ലാബാൻ പലതവണ യാക്കോബിനെ ചതിച്ചുവെങ്കിലും കർത്താവു യാക്കോബിനെ അനുഗ്രഹിച്ചു.
നിങ്ങളുടെ ആങ്ങളമാർ പറയുന്നത് കേട്ടോ. ഞാൻ അവരുടെ സ്വത്തെല്ലാം അപഹരിച്ചെടുത്തെന്ന്.
എത്ര തവണയാണ് വാക്കുമാറ്റി വഞ്ചിച്ചത്?
വാസ്തവത്തിൽ നമുക്ക് എന്താണ് അപ്പൻ തന്നത്? വെറും അടിമകളെപ്പോലെ വിൽക്കുകയായിരുന്നില്ലേ?


ആരും അറിയാതെ നമുക്ക് ഇവിടം വിട്ടു പോകണം. ഇനി ഇവിടെ നിന്നാൽ നമുക്കുള്ളതു കൂടെ പിടിച്ചു പറിക്കും.
അങ്ങയുടെ പിതാക്കന്മാരുടെ നാട്ടിലേക്ക് പോകാം.


പിറ്റേന്നു രാവിലെ യാക്കോബ് തൻറെ ഭാര്യമാരെയും മക്കളെയും കൂട്ടി സർവ്വ സമ്പത്തുമായി കാനാൻ ലക്ഷ്യം വച്ചു യാത്ര തുടങ്ങി.


യാക്കോബ് ഒളിച്ചോടിയ കാര്യം മൂന്നാം ദിവസമാണു ലാബാൻ അറിഞ്ഞത്. ഉടനെ ആളുകളെ കൂട്ടി യാക്കോബിനെ പിൻതുടർന്നു.
കൂട്ടുകാരേ വേഗമാകട്ടെ. അവൻ എൻറെ സകല സ്വത്തും മോഷ്ടിച്ചുകൊണ്ടാണ് കടന്നുകളഞ്ഞത്.
ഇതാ കാല്പാടുകൾ! അവർ ഇവിടെയടുത്തു തന്നെയുണ്ട്.


ഏഴാം ദിവസം രാത്രിയിൽ ലാബാനു ദൈവത്തിൻറെ അരുളപ്പാടുണ്ടായി.




ലാബാനും സംഘവും യാക്കോബിൻറെ അടുത്തെത്തി.
അമ്മായിയപ്പനാണെന്നു കരുതി അസംബന്ധം പറയരുത്. ഒരു പുരുഷായുസ് മുഴുവൻ അടിമവേല ചെയ്തതും പോരാ, ഇനി... ഞാൻ എന്താ കട്ടത്?
നീ എൻറെ മക്കളെയുംകൊണ്ട് കടന്നുകളയാമെന്നു കരുതിയല്ലേ? നീ ഒരു കള്ളനാണെന്നു ഞാൻ കരുതിയില്ല.


ഈ കാണുന്ന തെല്ലാം എന്റേ താണ്. എല്ലുന്തി യ കുറച്ചു കോലാടാണ് നിങ്ങൾക്കുണ്ടാ യിരുന്നത്. ഇന്നു നിങ്ങൾ ക്കുള്ളതെല്ലാം ഞാൻ സമ്പാദിച്ചതാണ്


നിന്നെ ശരിക്കും ഒരു പാഠം പഠിപ്പിക്കാൻ എനിക്കു കഴിയുമായിരുന്നു. എന്നാൽ കർത്താവ് വിലക്കിയതിനാൽ ഞാൻ നിന്നെ ഉപദ്രവിക്കുന്നില്ല.
ബലഹീനരെ സഹായിക്കാൻ കർത്താവുണ്ടെന്നു ഇപ്പോഴെങ്കിലും മനസ്സിലായത് നന്നായി.
!?



യാക്കോബും ലാബാനും തമ്മിൽ ഒരു ഉടമ്പടിയുണ്ടാക്കി.
നിന്നെ ഉപദ്രവിക്കാൻ ഞാനോ, എന്നെ ഉപദ്രവിക്കാൻ നീയോ ഈ കൽക്കൂന കടന്നു വരില്ലെന്ന് നമുക്ക് ശപഥം ചെയ്യാം.
കർത്താവിൻറെ നാമത്തിൽ ഞാൻ ശപഥം ചെയ്യുന്നു.

യാക്കോബ് കാനാൻ ദേശത്തേക്കു യാത്ര തുടർന്നു. വിവരം അറിഞ്ഞ ഏസാവ് നാനൂറ് ആളുകളുമായി അവനെതിരേ പുറപ്പെട്ടു. ഇതുകേട്ട് യാക്കോബ് ഭയചകിതനായി.



കുറേ ആടുമാടുകളെയും ഒട്ടകങ്ങളെയും യാക്കോബ് പത്ത് അടിമകളെ ഏല്പിച്ചു. എന്നിട്ടവരോടു പറഞ്ഞു:



യാക്കോബ് തനിക്കുള്ളതെല്ലാം "യാബോക്ക്" നദിയുടെ അക്കരെ കടത്തി. അതിനുശേഷം തനിച്ചു നദിയുടെ ഇക്കരെ നിന്നു.




അന്ന് രാത്രി ഒരപരിചിതൻ യാക്കോബുമായി മല്‌പിടുത്തം നടത്തി.
!!






ഒളിച്ചോടി ഞാൻ മടുത്തു.
ചത്താൽ ചാകട്ടെ.


പ്രഭാതമായപ്പോൾ
എന്നെ വിടു, ഞാൻ പോകട്ടെ.
എന്നെ അനുഗ്രഹിച്ചാലല്ലാതെ ഞാൻ വിടില്ല.


നിൻറെ പേര് ഇനി യാക്കോബ് എന്നല്ല. ഇസ്രായേൽ എന്നായിരിക്കും. നീ മനുഷ്യനോടും ദൈവത്തോടും മല്ലടിച്ചു ജയിച്ചിരിക്കുന്നു.
!!


ഇതു പറഞ്ഞിട്ട് അപരിചിതൻ അപ്രത്യക്ഷനായി.
ഞാൻ ദൈവത്തെ മുഖാഭിമുഖം കണ്ടു. എന്നിട്ടും ജീവിച്ചിരിക്കുന്നല്ലോ.


ആ സ്ഥലത്തിന് ദൈവത്തിൻറെ മുഖം എന്നർത്ഥമുള്ള പെനുവേൽ എന്ന് യാക്കോബ് പേരിട്ടു.
അയാൾ എൻറെ എണക്കു തിരിച്ചു കളഞ്ഞു. എന്നാലും മുന്നോട്ടുപോയേ മതിയാകൂ! ഏസാവിനെയല്ല, ആരെയും നേരിടാൻ ഞാൻ തയാറാണ്.


അതാ വരുന്നു
ഏസാവ്
!!


!
എത്ര കാലമായി നീ പോയിട്ട്. നീ എവിടെയായിരുന്നു? അമ്മയും അപ്പനും നിന്നെ കാണണമെന്നു പറഞ്ഞു എന്നും എന്നോട് വഴക്കായിരുന്നു.


ചേട്ടനറിയാമല്ലോ ഞാൻ പോയ സാഹചര്യം.


അതൊക്കെ ഞാൻ എന്നേ മറന്നു! ഇവർ ആരാണ്?
ദൈവം എനിക്കു നൽകിയ ഭാര്യമാരും കുഞ്ഞുങ്ങളും.
!!


വഴിക്കു ഞാൻ കണ്ട ആടുമാടുകളും ഒട്ടകങ്ങളും എല്ലാം?
!
അത് ഒരു സമ്മാനമായി സ്വീകരിക്കണം. ദൈവം എന്നെ സമൃദ്ധമായി അനുഗ്രഹിച്ചു.


ഇവയൊക്കെ എനിക്കും ധാരാളമുണ്ട്. അതിനാൽ നിന്റേത് നീ തന്നെ സൂക്ഷിച്ചോളു.
അങ്ങനെ പറയരുത്. ഇതെൻറെ ഒരു സന്തോഷമാണ്.


ആകട്ടെ, നമുക്ക് യാത്ര തുടരാം.
കുട്ടികളൊക്കെ ക്ഷീണിച്ചിരിക്കുകയാണ്. കറവയുള്ള മൃഗങ്ങളുണ്ട്. ഞങ്ങൾ സാവധാനം വന്നുകൊള്ളാം.


നിൻറെ ഇഷ്ടം പോലെ. എന്നാലും താമസിയാതെ എല്ലാവരും കൂടെ വീട്ടിലേക്കുവരണം.
തീർച്ചയായും


ദൈവത്തിൻറെ നിർദ്ദേശമനുസരിച്ച് യാക്കോബ് ബെഥേലിൽ വാസമുറപ്പിച്ചു.
എല്ലാ അപകടങ്ങളിലും ശത്രുക്കളിൽനിന്നും സംരക്ഷിച്ച് എന്നെ സമൃദ്ധമായി അനുഗ്രഹിച്ച ദൈവമായ കർത്താവേ, ഞാനും എനിക്കുള്ളതൊക്കെയും അങ്ങയുടേതാണ്. കർത്താവേ അങ്ങ് മാത്രമായിരിക്കും എൻറെയും എൻറെ മക്കളുടെയും ദൈവം.

# ചോദ്യങ്ങൾ

1. യാക്കോബ് എന്ന പേരിൻറെ അർത്ഥമെന്ത്?
2. പിതാവിൻറെ അനുഗ്രഹം യാക്കോബിന്റെ അവകാശമായിരുന്നു. എന്തുകൊണ്ട്?
3. ദൈവം യാക്കോബിന് ആദ്യമായി പ്രത്യക്ഷപ്പെട്ടത് എവിടെ വച്ച്?
4. യാക്കോബ് ബെഥേലിൽ വച്ച് ചെയ്ത പ്രതിജ്ഞ എന്ത്?
5. ലാബാൻ യാക്കോബിനെ പലതവണ കബളിപ്പിച്ചു. വിശദീകരിക്കുക.
6. ദൈവം യാക്കോബിന് സംരക്ഷണം നൽകി. വ്യക്തമാക്കുക.
7. ദൈവം ലാബാന് നൽകിയ താക്കീത് എന്ത്?
8. യാബോക്ക് നദീതീരത്ത് വച്ച് എന്ത് സംഭവിച്ചു? ഈ സംഭവത്തിന്റെ അർത്ഥം വ്യക്തമാക്കുക.
9. യാക്കോബിനു ലഭിച്ച പുതിയ പേരും അതിൻറെ അർത്ഥവും വിവരിക്കുക.
10. യാക്കോബിന്റെ കഥയിൽ നിന്ന് എന്ത് സന്ദേശമാണ് നിങ്ങൾക്ക് ലഭിക്കുന്നത്?

*"തീർച്ചയായും കർത്താവ് ഈ സ്ഥലത്തുണ്ട്. എന്നാൽ ഞാനത് അറിഞ്ഞില്ല"*
(ഉല്പത്തി 28: 16)

# അടുത്ത ചിത്രകഥ

യാക്കോബിന് പന്ത്രണ്ടു
പുത്രന്മാരും ഒരു പുത്രിയുമുണ്ടാ
യിരുന്നു. തൻറെ ഇഷ്ടഭാര്യയായ
റാഹേലിൽനിന്നു ജനിച്ച
ജോസഫിനെയാണ് യാക്കോബ്
ഏറ്റവും അധികം സ്നേഹിച്ചത്.
ഇത് മറ്റു മക്കളുടെ അസൂയക്ക്
കാരണമായി. അസൂയ ശത്രുത
യിലേക്കും വിദ്വേഷത്തിലേക്കും
നയിച്ചു . ജോസഫിനെ അവർ
നശിപ്പിക്കാൻ ശ്രമിച്ചു.
വഞ്ചനയുടെയും കാപട്യത്തിന്റെയും
മദ്ധ്യേ ദൈവം ഒരു പാവപ്പെട്ടവന്
സംരക്ഷണം നൽകുന്നതിന്റെ
ചരിത്രമാണ് ജോസഫ്.

# ജോസഫ്


തടവറയിൽനിന്ന്
സിംഹാസനത്തിലേക്ക്
ജോസഫ്

# സമ്പൂർണ്ണ ബൈബിൾ ചിത്രകഥകളിലൂടെ

1. കായേനും ആബേലും
2. അബ്രാഹം
3. യാക്കോബ്
4. ജോസഫ്
5. മോശ
6. ജോഷ്വാ
7. സാംസൺ
8. റൂത്ത്
9. സാമുവേൽ
10. സാവൂൾ
11. ദാവീദ്
12. ദാവീദുരാജാവ്
13. സോളമൻ
14. ഏലിയാ
15. ആമോസ്
16. ഹോസിയാ
17. മിക്കാ
18. ഏശയ്യാ
19. ജറെമിയാ
20. എസേക്കിയേൽ
21. സഖറിയാ
22. യോനാ
23. ജോബ്
24. തോബിത്
25. ദാനിയേൽ
26. സൂസന്ന
27. എസ്തേർ
28. യൂദിത്ത്
29. മക്കബേയൂസ്
30. മക്കബായർ
31. കാത്തിരിപ്പ്
32. ലോകത്തിന്റെ പ്രകാശം
33. മുന്നോടി
34. പ്രവാചകൻ
35. വിമോചകൻ
36. വരാനിരുന്നവൻ
37. പ്രപഞ്ചത്തിന്റെ നാഥൻ
38. ദൈവപുത്രൻ
39. മനുഷ്യപുത്രൻ
40. കുരിശിന്റെ നിഴലിൽ
41. മാർഗ്ഗം
42. ദാവീദിന്റെ പുത്രൻ
43. ജീവന്റെ അപ്പം
44. രക്ഷകൻ
45. എന്നും നമ്മോടുകൂടെ
46. തീനാവുകൾ
47. രക്തസ്നാനം
48. അകലങ്ങളിലേക്ക്
49. നൈവേദ്യം
50. പുതിയ ആകാശവും പുതിയ ഭൂമിയും